മനുഷ്യരക്തം ഒരിക്കൽ സ്വാദു നോക്കിയ കടുവ, പിന്നീട് തരം കിട്ടിയാൽ മനുഷ്യരെ കൊന്നു ചോര കുടിക്കുമത്രേ. അധികാരത്തിന്റെ രുചി ഒരിക്കൽ അറിഞ്ഞ മുൻമന്ത്രിക്ക്, ശേഷിച്ച ജീവകാലമത്രയും അസഹ്യമായ ഒരു എരിപൊരികൊള്ളലാണ്. അധികാരം ഒരിക്കൽക്കൂടി എങ്ങനെ കൈയടക്കാം? ഇപ്പോൾ അധികാരത്തിലുള്ളവരെ എങ്ങനെ പുകച്ചു പുറത്തു ചാടിക്കാം? മിക്ക മുൻമന്ത്രിമാരുടെയും ആയുശ്ശിഷ്ടം ചെലവഴിക്കപ്പെടുന്നതു് ഇത്തരം ചിന്തയിലാണ്. ഇതിനുവേണ്ടി അവർ ഗൂഢസംഘങ്ങൾ ഉണ്ടാക്കുന്നു. പ്രയോജനകരമായ മറെറാരു പ്രവർത്തനത്തിലും ഏർപ്പെടാൻ അവർക്കു കഴിയുന്നില്ല.

അല്ലും ചില ബഹുമാന്യങ്ങളായ വ്യത്യസ്തതകൾ ഉണ്ടാവാം. മന്ത്രിസ്ഥാനത്തു് കുറച്ചനാൾ ഇരുന്നശേഷവും സ്വന്തം മനസ്സാക്ഷിയും ധർമബോധവും സാമാന്യബുദ്ധിയും നഷ്ടപ്പെടാത്ത ഏതാനും ചില നല്ല മനുഷ്യർ ഉണ്ടായിക്കൂടെന്നില്ല. അത്തരക്കാർ നമ്മുടെ നാട്ടിലും ചിലർ ഉണ്ട്. അവർക്കു് എല്ലാ സ്തുതിയും! അതേസമയം, രഹസ്യാലോചനകളിലൂടെ സ്വന്തം പാർട്ടിയെ പിളർത്താനും അട്ടിമറിക്കാനുമാണു് മുൻമന്ത്രിമാരിൽ അധികംപേരും ഉറക്കമിളച്ചു പ്രവർത്തിക്കുന്നതു് എന്നതത്രേ പൊതുവായ വസ്തുത. 1982 ഒക്ടോബർ 10-ലെ 'ഹിന്ദു'വിൽ ഒരു ലേഖകൻ എഴുതുന്നു:

'അത്യന്തം മാത്സര്യമുള്ള ഒരു രംഗമാണ് രാഷ്ട്രതന്ത്രം. (അധികാരം നഷ്ടപ്പെട്ട) മിക്ക രാഷ്ട്രീയ പ്രവർത്തകരുടേയും അടിസ്ഥാനലക്ഷ്യം, ഒരിക്കൽക്കൂടി അധികാരത്തിൽ വരുകയെന്നതാണ്. ഇതിനുള്ള സാദ്ധ്യതകളും, തങ്ങൾ എടുത്തേക്കാവുന്ന ഓരോ നടപടിയുടേയും ഗുണവും ദോഷവും, അവർ രഹസ്യമായി കൂടിയാലോചിക്കുന്നു. സ്വാർത്ഥ താല്പര്യങ്ങളെ മുൻനിറുത്തി അവർ തീരുമാനങ്ങളെടുക്കുന്നു. അവർക്ക് രാഷ്ട്രീയ പ്രവർത്തനത്തിൽനിന്നു റിട്ടയർ ചെയ്യാൻ വയ്യ. വേറൊരു തൊഴിലും അവർക്കു് ഏറെറടുക്കാനില്ല എന്നതാണു വസ്തുത. തങ്ങൾ പിന്താങ്ങുന്ന നേതാവു് മുഖ്യമന്ത്രിയായാൽ അവർക്കു സന്തോഷമായി. ഭാഗ്യം തങ്ങളെ അനുഗ്രഹിക്കില്ലെന്നുറപ്പായാൽ അവർ പാർട്ടി മാറുന്നു. ഒരു രാഷ്ട്രീയ നിയമനം നേടുന്നതിനായി അവർ കൂറു മറെറാരാളിലേക്കു മാറുന്നു.'

സമകാല ഭാരത രാഷ്ട്രീയത്തിലെ ഗതികിട്ടാ പ്രേതങ്ങളാണ് പല 'മുൻ'മന്ത്രിമാരും 'മുൻ' എം. എൽ. എ. മാരും.

14 നവംബർ 1982

# 35. രണ്ട് മാതൃകാ എം. എൽ. എ. മാർ

ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം ആണ് ജനാധിപത്യം. ഈ വ്യവസ്ഥയിൽ ജനപ്രതിനിധികളെ ജനങ്ങൾ തെരഞ്ഞെടുക്കുന്നു, ജനപ്രതിനിധികൾ മന്ത്രിമാരെ തെരഞ്ഞെടുക്കുന്നു, മന്ത്രിമാർ ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നു. ജനാധിപത്യത്തേക്കാൾ നല്ല ഒരു ഭരണസമ്പ്രദായം ഉണ്ടാവാനില്ല എന്നാണ് രാഷ്ട്രതന്ത്രജ്ഞരുടെ അഭിപ്രായം.

ഇന്ത്യയിൽ നിലവിലുള്ളതു് ജനാധിപത്യമാണ്. എന്നിട്ടും എന്തുകൊണ്ട് ഇന്ത്യ അഭിവൃദ്ധിപ്പെടുന്നില്ല? എന്തുകൊണ്ട് ഇവിടെ എല്ലാ രംഗങ്ങളിലും നാൾക്കുനാൾ അധോഗതി?

ഉത്തരം പറയാൻ പ്രയാസം. പക്ഷേ, ജനങ്ങൾ വോട്ടു നല്കി വിജയിപ്പിച്ച രണ്ട് എം. എൽ. എ. മാരുടെ വിവരം താഴെ ചേർക്കാം.

ഇതിൽനിന്നു മുൻപറഞ്ഞ ചോദ്യത്തിന്റെ ഉത്തരം വായനക്കാർക്കു സ്വയം ഊഹിക്കാൻ കഴിയും.

ഇവിടെ വിവരിക്കുന്ന രണ്ടു് എം. എൽ. എ. മാരും ബീഹാർ സ്റ്റേററിലുള്ളവരാണ്. ഇക്കഴിഞ്ഞ ജൂൺ മദ്ധ്യത്തിൽ ഇവർ രണ്ടുപേരേയും പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായി.

ഇവരിലൊരാളായ ബീർ ബഹാദൂർസിംഹ് ഒരു 'സ്വതന്ത്ര' എം. എൽ. എ. ആണ്. അതായതു് ഒരു പാർട്ടിയിലും അയാരം അംഗമല്ല. ബംഗാരം പോലീസ് ആണ് ബീർ ബഹാദൂർ സിംഹനെ അറസ്റ്റ് ചെയ്തു്. നാഗാലാൻഡിലെ ഡിമാപ്പൂരിലേക്കു പോകുംവഴി ബംഗാളിലെ അലിപുർദ്വാർ റെയിൽവേസ്റ്റേഷനടുത്തുവെച്ച് ജൂൺ 18-ാം തീയതി ഒരു ടിക്കററ് പരിശോധകനെ ഓടുന്ന തീവണ്ടിയിൽനിന്നും പുറത്തു തള്ളി വീഴ്ത്തി കൊല്ലാൻ ശ്രമിച്ചു എന്ന കുററമാണ് ഈ എം. എൽ. എ. യുടെ പേരിൽ ചുമത്തപ്പെട്ടിരിക്കുന്നതു്. അലിപുർദ്വാർ ജയിലിൽ റിമാൻഡിൽ ഇരിക്കേ ജാമ്യത്തിൽ പുറത്തിറങ്ങിയ ഈ ജനപ്രതിനിധി ഒളിവിൽ പോയിരിക്കയാണെന്നു് ജൂലായ് 4-ാം തീയതിയിലെ 'ഹിന്ദു' പത്രം റിപ്പോർട്ടു ചെയ്തിരിക്കുന്നു. പത്രം ഇത്രയുംകൂടി എഴുതിയിട്ടുണ്ട്:

'ബീർ ബഹാദൂർ ഒരു കൊലയാളിയാണ്, പക്ഷേ, കൊള്ളക്കാരനല്ല. മുൻകൂട്ടി ആലോചിച്ചു തയ്യാറാകാതെ, അപ്പോഴപ്പോഴത്തെ പ്രേരണയനുസരിച്ചാണ് അയാരം കൊല നടത്തുന്നതെന്നു് പോലീസ് പറയുന്നു. ക്രൂരനും ശുണ്ഠിക്കാരനുമായ ഈ മനുഷ്യനെതിരെ കൊല, കലാപമുണ്ടാക്കൽ, ആയുധനിയമലംഘനം എന്നിവയ്ക്കായി ഒരു ഡസനോളം കേസ്സുകരം നിലവിലുണ്ട്. തന്റെ അച്ഛനെ കൊലപ്പെടുത്തിയതിനു പ്രതികാരമായി ഒരു യാദവനെ കൊന്നതോടെയാണ് ഈയാളുടെ കുററജീവിതം ആരംഭിച്ചതു്. ദുംറാവ്, ജലാൽപുർ എന്നിവിടങ്ങളിൽനിന്നു് ബീഹാർ സംസ്ഥാനത്തിലെ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ജയിക്കുന്നതിനായി ഭരണകക്ഷി ബീർ ബഹാദൂറിന്റെയും അയാളുടെ സംഘത്തിന്റെയും സേവനങ്ങരം ഉപയോഗപ്പെടുത്തുകയുണ്ടായെന്നതു പരസ്യമായ ഒരു രഹസ്യമാണ്. 1982-ൽ ബീഹാർ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ജയിച്ചതിനുശേഷം ഈ എം. എൽ. എ. യെ ദേശീയ സുരക്ഷാനിയമം അനുസരിച്ച് രണ്ടു തവണ തടങ്ങലിൽ വെക്കുകയുണ്ടായി. മുഖ്യമന്ത്രി ജഗന്നാഥപ്രസാദ് മിശ്രയുടെ ഔദ്യോഗിക വസതിയിൽ കയറിച്ചെന്നു് കാവല്ക്കാരുമായി ബഹളമുണ്ടാക്കിയതിനാണ് ഈയാളെ ആദ്യം തടങ്ങലിൽ വെച്ചതു്.'

അടുത്തു നാം പരിചയപ്പെടാൻ പോകുന്ന കഥാപാത്രവുമായി താരതമ്യപ്പെടുത്തുമ്പോരം ബീർ ബഹാദൂർസിംഹ് അഹിംസാമൂർത്തിതന്നെയാണ്.

ബീഹാർ നിയമസഭയിലേക്ക് 1977-ലും 1982-ലും ജനതാപാർട്ടിയുടെ ടിക്കററിൽ മത്സരിച്ചു ജയിച്ച വിനോദ്സിംഹ് ആണ് ഈ കഥാപാത്രം. അറുപതു കേസ്സുകളിൽ പ്രതിയാണ് ഈ എം. എൽ. എ. കൊല, കൊല്ലാൻവേണ്ടി തട്ടിക്കൊണ്ടുപോകൽ, കൊള്ള, കവർച്ച, കൊലശ്രമം, കലാപമുണ്ടാക്കൽ, റോഡിൽ തടസ്സമുണ്ടാക്കൽ മുതലായ കുററങ്ങരംക്കായി ഇരുപതു കേസ്സുകരം ഈയാളുടെ പേരിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. പന്ത്രണ്ടോളം കേസ്സുകളിൽനിന്നു് ഇതിനകം വിനോദ് സിംഹ് വിട്ടുപോന്നിട്ടുണ്ട്. വാദികരം കോടതിയിൽ ഹാജരാകാത്തതുമൂലമാണ് ഇതു്. അവർ ഹാജരാകാത്തതു് എന്തുകൊണ്ടെന്നു് ഊഹിക്കാവുന്നതേയുള്ളു. പത്തു ക്രിമിനൽ കേസുകളിൽ ജാമ്യത്തിലിറങ്ങിയിരിക്കെ ഈയാരം ഒളിവിൽ പോയിട്ടുണ്ട്. ഒരു കേസ്സിൽ ഈയാളെ ക്രിമിനൽ നിയമം 299-ാം വകുപ്പുപ്രകാരം 'സ്ഥിരം ഒളിവാളി'യായി പ്രഖ്യാപിച്ചിട്ടുമുണ്ട്.

ബിശ്രാംപൂർ എന്ന നിയോജകമണ്ഡലത്തെയാണ് ഈ എം. എൽ. എ. ബീഹാർ നിയമസഭയിൽ തുടർച്ചയായി രണ്ടു തവണ പ്രതിനിധാനം ചെയ്തുപോരുന്നതു്. ഈ നിയോജകമണ്ഡലത്തിനുള്ളിൽത്തന്നെ ഈ എം. എൽ. എ-യ്ക്കെതിരെ ജാമ്യമില്ലാത്ത എട്ടു വാറണ്ടുകരം നിലവിലുണ്ടു്. പലാമൗ ജില്ലയിലെ പോലീസ് സൂപ്രണ്ടു് ശ്രീ കിശോർ കുണാൽ 'ഹിന്ദു'വിൻെറ പ്രതിനിധിക്കു് ഈ ജനപ്രതിനിധിയുടെ പേരിലുള്ള കേസ്സുകരം വിവരിച്ചു കൊടുക്കുകയുണ്ടായി. ഏഴു കൊലപാതകം; മോചനദ്രവ്യം വസൂലാക്കാനും കൊല്ലാനുമായി നാലുപേരെ തട്ടിക്കൊണ്ടുപോകൽ; കൊള്ള, കവർച്ച, പിടിച്ചുപറി എന്നിവ സംബന്ധിച്ചു് പതിനെട്ടു കേസ്സുകരം; രണ്ടു പണം തട്ടിയെടുക്കലുകരം;പന്ത്രണ്ടു് കലാപങ്ങളുണ്ടാക്കൽ. ഇവയ്ക്കു പുറമേ ആളുകളെ ആക്രമിച്ചതിനു് വിനോദ് സിംഹനെ പല തവണ അറസ്റ്റു ചെയ്തിട്ടുണ്ടു്. ഡാൽട്ടൻഗഞ്ജിലെ ഒരു വനിതാഡോക്ടറെയാണു് ഒരുതവണ ഈയാരം മർദിച്ചതു്. മറ്റൊരിക്കൽ, തീവണ്ടിയിലെ ഒരു ഒന്നാം ക്ലാസ് മുറിയിൽവെച്ചു് കേരളത്തിലെ ഒരു സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥനെ ഈയാരം അടിക്കുകയുണ്ടായി.

വിനോദ്സിംഹ് എം. എൽ. എ. ക്കു് നാല്പതു വയസ്സായി. സ്കൂളിൽ അദ്ദേഹം പഠിച്ചിട്ടില്ല. 1977—ലും 1982-ലും ജനതാ പാർട്ടിയുടെ ടിക്കററിൽ ഈയാരം ബീഹാർ നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ദേഹശക്തിയും വെടിക്കഴിവുമായിരുന്നു വിജയനിദാനം. 1970-ൽ ബിശ്രാംപൂരിലെ അസിസ്റ്റൻറ് പോലീസ് സബ്ഇൻസ്പെക്ടരായിരുന്ന ദയാനന്ദ് മിശ്രയെ ഈയാരം വെടിവെച്ചുവെന്ന ആരോപണമുണ്ടായി. പന്ത്രണ്ടു കൊല്ലം കഴിഞ്ഞിട്ടും ഈ കേസ്സിലും ഇതുപോലെ മററു് ഒമ്പതു കേസ്സുകളിലും ഈ എം. എൽ. എ. യ്ക്കെതിരെ ചാർജുഷീററുകരം ഫയൽ ചെയ്യാൻ പോലീസിനു കഴിഞ്ഞിട്ടില്ല. ചാർജുഷീററ് ഫയൽ ചെയ്യുന്നതു സാദ്ധ്യമാക്കാൻ വേണ്ടിയാണു് പോലീസ് ഈയാളെ ക്രൈം കൺട്രോരം ആക്ട് അനുസരിച്ചു് അറസ്റ്റു ചെയ്തതു്.

വിനോദ്സിംഹൻെറ കുററജീവിതം 1962—ൽ ആരംഭിച്ചു. കൊല, കൊള്ള, റോഡിൽ തടഞ്ഞുവെയ്ക്കൽ എന്നിവയാണു് അയാളുടെമേൽ ആദ്യമായി ചുമത്തപ്പെട്ട കുററങ്ങരം. 1982 മാർച്ച് 4—ാം തീയതി ഈയാരം പലാമൗ ജില്ലയിൽ ചാന്ദ്ഹ എന്ന സ്ഥലത്തെ പോസ്റ്റ്മാസ്റ്ററെ കൊല്ലാൻ ശ്രമിച്ചു. ജൂൺ 17—ാം തീയതി വിനോദ്സിംഹനെ പോലീസ് അറസ്റ്റു ചെയ്തു. പക്ഷേ, ഉടൻതന്നെ അയാരം ജാമ്യത്തിൽ പുറത്തിറങ്ങി. താൻ റിമാണ്ടിലിരിക്കെത്തന്നെ വാദിയുടെ (പോസ്റ്റ്മാസ്റ്ററുടെ) തല വെട്ടാൻ തൻെറ ആരംക്കാർക്കു കഴിയുമെന്നു് അയാരം പോലീസ് സൂപ്രണ്ടിനോടു പറഞ്ഞുവത്രേ!

രണ്ടു് ഹെക്ടർ സർക്കാർ ഭൂമി തൻെറ ബന്ധുക്കളായ ചിലർക്കു കൊടുക്കണമെന്നു് വിനോദ്സിംഹ് ഹരിഹർഗഞ്ജിലെ മി. ഗുഡിയ എന്ന ട്രൈബൽ സർക്കിരം ഓഫീസറെ നിർബന്ധിച്ചു. ഈ ഓഫീസർ മേലുദ്യോഗസ്ഥന്മാർക്കു് അയച്ച റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്: 'തന്നിലെളിയതു തനിക്കിര' എന്നതാണു് പലാമൗ ജില്ലയിലെ നിയമം. കഴിഞ്ഞ ആറു മാസമായി മി. വിനോദസിംഹൻെറ ദുഷ്പ്രവൃത്തികരം അസഹനീയങ്ങളും വിവരണാതീതങ്ങളുമായിട്ടുണ്ടു്. പേരുകേട്ട ഒരു കുററവാളിയാണു് ഈയാരം. പക്ഷേ, അയാളുടെ അക്രമങ്ങളും ദുഷ്പ്രവൃത്തികളും വിഴുങ്ങാൻ ഞങ്ങരം നിർബന്ധിതരായിരിക്കുകയാണു്. എൻെറയും കുടുംബാംഗങ്ങളുടെയും ജീവനു രക്ഷയില്ലെന്ന ഭയം എനിക്കുണ്ടു്. ജില്ലാ ഭരണത്തിനു് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന വിശ്വാസം എനിക്കില്ല.'

1973—ൽ കൊലയും തട്ടിക്കൊണ്ടു പോകലും സംബന്ധിച്ച ഒരു കേ

സ്സിൽ വിനോദസിംഹ് പ്രതിയായി. ഈ കേസ്സിൽ ഇന്നോളം അയാൾ കോടതിയിൽ ഹാജരായില്ല. അയാളുടെ പേരിലുള്ള മറ്റൊരു കേസ്സ് ഒരു ഇരട്ടക്കൊലപാതകമാണ്. 1969-ൽ ബിശ്രാംപൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത വേറെ ഒരു കേസ്സിൽ, വിനോദസിംഹ് തന്റെ എതിരാളിയെ വെട്ടി നുറുക്കി, ശരീരം തീയിൽ വറുത്തുകളഞ്ഞതായി ആരോപിച്ചിരുന്നു.

വളരെയധികം ഭൂമി ഈ എം.എൽ.എ. അപഹരിച്ചിട്ടുള്ളതായി പലാമൗ പോലീസ് പറയുന്നു. താൻ പ്രതിയായ പല ക്രിമിനൽ കേസ്സുകളിലും വാദിഭാഗം സാക്ഷികളെ ഭീഷണിപ്പെടുത്തിയെന്ന ആരോപണവും വിനോദസിംഹന്റെ പേരിലുണ്ട്.

നമ്മുടെ ജനാധിപത്യത്തിന്റെ 'ക്വാളിറ്റി' എന്തെന്ന് ഈ എം.എൽ.എ. മാർ ഉദാഹരിക്കുന്നു. 'ഇതൊക്കെ അങ്ങു ബീഹാറിലല്ലേ? കേരളത്തിൽ ഒരിക്കലും ഇതു സംഭവിക്കില്ല' എന്നാവാം അധികം വായനക്കാരുടെയും പ്രതികരണം. ശുഭപ്രതീക്ഷാശീലം നല്ലതുതന്നെ.

പക്ഷേ, എന്തുകൊണ്ടോ. എന്റെ ശുഭപ്രതീക്ഷാശീലം നാൾതോറും കുറഞ്ഞുകുറഞ്ഞുവരികയാണ്.

## 36. ജനങ്ങളുടെ ജീവന് രക്ഷ നൽകുക!

ഉത്തർപ്രദേശിലെ മൈൻപുരി ജില്ലയിലുള്ള ദേവലി ഗ്രാമത്തിൽ ഇരുപത്തിനാലു ഹരിജനങ്ങൾ നവംബർ അവസാനവാരത്തിൽ വെടിവെച്ചു കൊല്ലപ്പെട്ടു. നിലമുടമകളായ ഠാക്കൂർമാരുമായി കൂലി സംബന്ധിച്ചുണ്ടായ തർക്കത്തിന്റെ പരിണാമമായിരുന്നുവത്രേ ഈ കൂട്ടക്കൊല. സ്വാഭാവികമായും പാർലമെന്റിന്റെ ശീതകാലസമ്മേളനത്തിൽ ഈ സംഭവം ചർച്ചാവിഷയമായി. ശക്തിമത്തായ വികാരങ്ങൾ പ്രകടിപ്പിക്കപ്പെട്ടു. ഉയർന്ന സമുദായക്കാരുടെ കൈയിൽ എത്ര തോക്കുകളുണ്ടോ അത്രയും തോക്കുകൾക്ക് ലൈസൻസുകൾ ഹരിജനങ്ങൾക്കു നൽകുന്നതിനെപ്പറ്റി കേന്ദ്രഗവണ്മെന്റ് ആലോചിച്ചുവരുകയാണെന്ന് ആഭ്യന്തരമന്ത്രി മി. സെയിൽസിങ് നവംബർ 24-ാം തീയതി പാർലമെന്റിൽ പ്രസ്താവിച്ചു.

തോക്കുകൾ ഹരിജനങ്ങൾക്കു മാത്രം കൊടുത്താൽ മതിയോ? മറ്റു ന്യൂനപക്ഷക്കാരെപ്പറ്റി എന്തു പറയുന്നു? ഉദാഹരണത്തിനു മുസ്ലീങ്ങളെ എടുക്കുക. ബീഹാറിലെ നാളന്ദാ ജില്ലയിൽ അടുത്തു നടന്ന കൂട്ടക്കൊലകൾ നാം മറക്കാറായോ? അവിടെ മരിച്ചതു് അധികവും മുസ്ലീങ്ങളല്ലേ? അവർക്കും കൊടുക്കണ്ടേ തോക്ക്? പഞ്ചാബിൽ നടന്നുകൊണ്ടിരിക്കുന്ന കൊലകളുടെ കാര്യമോ? അവിടെ സിഖ് തീവ്രവാദത്തിനു മുമ്പിൽ ജീവൻ ബലി കഴിക്കേണ്ടി വരുന്നതു് ഉയർന്ന ജാതികളിൽപ്പെട്ട ഹിന്ദുക്കൾക്കും നിരങ്കാരി സിഖുകാർക്കുമല്ലേ? അവർക്കും തോക്കു കൊടുക്കേണ്ടതില്ലേ? ഇനി, ഇവിടെ കേരളത്തിലെ സ്ഥിതി എന്താണ്? മകൊമ്പിൽ മരിച്ചതു് മാർക്സിസ്റ്റുകാരാണെങ്കിൽ മാർക്സിസ്റ്റുകാർക്കും തോക്കു കൊടുക്കേണ്ടതില്ലേ? ആർ.എസ്.എസ്സുകാരെ ഒഴിവാക്കാമോ? അവരുടെ ചോരയും ഈ മണ്ണിൽ ചിന്തിയിട്ടില്ലേ? തോക്ക് അവർക്കും ഇരിക്കട്ടെ!

ബ്രിട്ടീഷ് ഗവണ്മെന്റിനു് എതിരെ കോൺഗ്രസ് നടത്തിവന്ന പ്രക്ഷോഭണത്തിലെ മുഖ്യമായ ഒരു ആരോപണം, ആയുധം ധരിക്കാനുള്ള ഇന്ത്യക്കാരുടെ അവകാശം എടുത്തുകളഞ്ഞു് ബ്രിട്ടീഷ് ഗവണ്മെന്റ് നമ്മെ പൗരുഷം കെട്ട ഒരു ജനതയാക്കിത്തീർത്തുവെന്നതായിരുന്നു. ആയുധധാര